LIBRARY ARCHIVES Kerala Legislative Assembly

മാവേലിക്കര മണ്ഡലത്തിലെ ആസ്തി വികസനം

274 (1652) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എൽ.എസ്.ജി.ഡി. മുഖാന്തിരം എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

275 (1653) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം ജി.എൻ ആർ ഇ ജി എസ്-ൽ 5 വർഷം പൂർത്തിയാക്കിയ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സർക്കാർ ജീവനക്കാർക്ക് ബാധകമായ വേതന നിരക്കുകൾ പ്രസ്തുത ജീവനക്കാർക്ക് നൽകുന്നത് പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ

276 (1654) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ് എന്ന 2012-13 ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പാക്കിയോ;

(ബി) ശുചിത്വ മിഷൻ വഴി നടപ്പാക്കിയ ഈ പദ്ധതി പ്രകാരം ഏതെല്ലാം ജില്ലകളിലാണ് ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) ഇതിനായി ശുചിത്വ മിഷൻ എന്ത് തുക ചെലവഴിച്ചുവെന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നടപ്പിലാക്കി.

(ബി) തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലാണ് നിലവിലുള്ള ഭാഗിക സംവിധാനങ്ങൾ നവീകരിച്ച് ആധുനിക രീതിയിലുള്ള സ്വീവറേജ് സംവിധാനവും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കാനായി നടപടി എടുത്തിട്ടുള്ളത്. തിരുവനന്തപുരത്ത് മുട്ടത്തറയിൽ പണി പൂർത്തിയാക്കിയ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ സെപ്റ്റേജ് കൂടി സംസ്കരിക്കാനാണ് നടപടിയെടുത്തിട്ടുള്ളത്. എറണാകുളം ബ്രഹ്മപുരത്ത് പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ശേഷിക്കുന്ന ജില്ലകളായ പത്തനംതിട്ട, ഇടുക്കി, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ (കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി) എന്നീ സ്ഥലങ്ങളിൽ സെപ്റ്റേജ് മാത്രം സംസ്കരിക്കുന്ന പ്ലാന്റുകൾ സ്ഥാപിക്കാനാണ് നടപടി എടുത്തുവരുന്നത്. ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകുന്നതിന് 5 ജില്ലകളിൽ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 4 സ്ഥലങ്ങളിൽ കോട്ടയം (വൈക്കം), ആലപ്പുഴ, കണ്ണൂർ, വയനാട് (കൽപ്പറ്റ) എന്നിവിടങ്ങളിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റികളുടെ സ്ഥലം ഉപയോഗപ്പെടുത്താനാണ് നടപടി കൈക്കൊണ്ടിട്ടുള്ളത്.

(സി) ശുചിത്വമിഷൻ ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണത്തിനായി കേരള വാട്ടർ അതോറിറ്റിക്ക് ഒരു കോടി രൂപയും സെപ്റ്റേജ് ട്രീറ്റ്മെന്റിനായി കെ.എസ്.യു.ഡി.പി.-ക്ക് 1,68,65,000 രൂപയും നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ മലിനജല സംസ്കരണ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 38,00,000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

പാലിയേറ്റീവ് കെയർ ആംബുലൻസ്

277 (1655) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവൂർ പഞ്ചായത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റിന് ആമ്പുലൻസ് വാങ്ങുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) അനുമതി നൽകുന്നതിന് കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) ഇത് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly